# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**നമ്പർ: 6330/ബി/2015/സം.തി.ക.** **തീയതി : 17.10.2015**

## പോസ്റ്റൽ ബാലറ്റുകൾ അയക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

- ഗ്രാമ പഞ്ചായത്തുകളിലെയും ബ്ലോക്കു പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും പോസ്റ്റൽ ബാലറ്റു പേപ്പറുകൾക്കുള്ള അപേക്ഷകൾ വരണാധികാരികൾ ബ്ലോക്ക് തലത്തിൽ ഒന്നിച്ചു വേണം പരിഗണിക്കേണ്ടത്.
- ജില്ലാ പഞ്ചായത്തിന്റെ പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ അയക്കുന്നതിന് ഉപവരണാധികാരി കൂടിയായ ബ്ലോക്ക് വരണാധികാരിയെ ചുമതലപ്പെടുത്തേണ്ടതാണ്.
- ഓരോ തലത്തിലേയ്ക്കും പോസ്റ്റൽ ബാലറ്റിനുള്ള ഫാറം നമ്പർ 15-ലെ അപേക്ഷാഫാറങ്ങൾ പോസ്റ്റിംഗ് ഓർഡറിനൊപ്പം നൽകേണ്ടതാണ്. എന്നാൽ ഏതെങ്കിലും തിരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെട്ടവർക്ക് ബന്ധപ്പെട്ട വരണാധികാരികളുടെ ആഫീസുകളിൽ നിന്നും അപേക്ഷ ഫാറങ്ങൾ നൽകാവുന്നതാണ്.
- പോസ്റ്റൽ ബാലറ്റുകൾക്കുള്ള അപേക്ഷകൾ അതതു വരണാധികാരിയ്ക്കു സ്വീകരിക്കാവുന്ന താണ്. എന്നാൽ പോളിംഗ് ഉദ്യോഗസ്ഥരുടെ പരിശീലന സ്ഥലത്തുവെച്ചുതന്നെ അപേക്ഷകൾ സ്വീകരിയ്ക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതാണ്.
- ബ്ലോക്ക് പഞ്ചായത്തു വരണാധികാരിയും ബ്ലോക്കു പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളുടെ വരണാധികാരികളും സംയുക്തമായി വേണം പോസ്റ്റൽ ബാലറ്റുകൾ അയയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടത്.
- അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം വിവിധ തലത്തിലുള്ള പഞ്ചായത്തുകളിലേയ്ക്കുള്ള പോസ്റ്റൽ ബാലറ്റുകൾ ഒന്നിച്ച് തപാൽ മാർഗ്ഗമോ സമ്മതിദായകന് നേരിട്ടോ നൽകേണ്ടതാണ്.
- പ്രസ്തുത ബാലറ്റ് പേപ്പറുകളുടെ മറുപുറത്ത് 'പോസ്റ്റൽ ബാലറ്റ്' എന്ന് മുദ്രണം ചെയ്യണം.
- അപേക്ഷകന് പോസ്റ്റൽ ബാലറ്റ് അയച്ചു കൊടുക്കുമ്പോൾ തന്നെ വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ 'പി.ബി' എന്ന് രേഖപ്പെടത്തേണ്ടതാണ്. കൂടാതെ മൂന്നു തലത്തിലുള്ള പഞ്ചായത്തുകളിലേയ്ക്ക് പോസ്റ്റൽ ബാലറ്റ് അപേക്ഷകളിൽ ഓരോന്നിലും "P.B issued" എന്ന് രേഖപ്പെടുത്തേണ്ടതാണ്.
- അതോടൊപ്പം വോട്ടർപട്ടികയിലെ സമ്മതിദായകന്റെ ക്രമനമ്പർ ബാലറ്റ് പേപ്പറിന്റെ കൗണ്ടർഫോയിലിൽ രേഖപ്പെടുത്തണം. ഇത്തരം കൗണ്ടർ ഫോയിലുകൾ മുദ്രവച്ച കവറിൽ സൂക്ഷിക്കേണ്ടതും കവറിന്റെ പുറത്ത് ഉള്ളടക്കത്തെക്കുറിച്ചുള്ള ഒരു ചെറിയ വിവരണവും

മുദ്രവച്ച ദിവസവും രേഖപ്പെടുത്തേണ്ടതാണ്. പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷകളും പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

- ബാലറ്റു പേപ്പറിനോടൊപ്പം ഓരോ തലത്തിലുള്ള പഞ്ചായത്തിനെ സംബന്ധിച്ച് 16-ാം നമ്പർ ഫാറത്തിലുള്ള സത്യപ്രസ്താവന, 17-ാം നമ്പർ ഫാറത്തിലുള്ള സമ്മതിദായകർക്കുള്ള നിർദ്ദേശങ്ങൾ, 18-ാം നമ്പർ ഫാറത്തിലുള്ള ഒരു കവർ, 19-ാം നമ്പർ ഫാറത്തിലുള്ള ഒരു വലിയ കവർ എന്നിവ കൂടി അയച്ച് കൊടുക്കേണ്ടതാണ്. അതായത്, മൂന്നു തലത്തിലുള്ള പഞ്ചായത്തുകളിലേയ്ക്ക് ഒന്നിച്ച് ബാലറ്റു പേപ്പറുകൾ അയയ്ക്കുമ്പോൾ 16-ാം നമ്പർ ഫാറങ്ങളും 18-ാം നമ്പർ ഫാറങ്ങളും 19-ാം നമ്പർ കവറുകളും 3 എണ്ണം വീതം അയയ്ക്കേണ്ടതാണ്. അവ എല്ലാംകൂടി ഒരു വലിയ കവറിൽ ഉള്ളടക്കം ചെയ്തു വേണം അയയ്ക്കുവാൻ.
- ത്രിതല പഞ്ചായത്തുകളിലെ ഒരു പോളിംഗ് സ്റ്റേഷനിൽ ഒരു മൾട്ടിപോസ്റ്റ് വോട്ടിംഗ് മേഷീൻ ഉപയോഗിക്കുന്നതിനാലും 21എ-യിലുള്ള ഒരു വോട്ടു രജിസ്റ്റർ മാത്രം ഉപയോഗിക്കുന്നതിനാലും അടയാളപ്പെടുത്തിയ വോട്ടർപട്ടികയുടെ ഒരു പകർപ്പിൽ മാത്രം പി.ബി എന്ന് രേഖപ്പെടുത്തിയാൽ മതിയാകും. എന്നാൽ ഒന്നോ രണ്ടോ തലത്തിൽ മാത്രം പോസ്റ്റൽ ബാലറ്റ് ആവശ്യപ്പെടുന്ന പക്ഷം ജിപി, ബിപി, ഡിപി എന്നിവയിൽ ഉചിതമായത് ഏതു തലത്തിലേയ്ക്കുള്ള ബാലറ്റു പേപ്പറാണ് അയച്ചതെന്നും കാണിക്കുന്നതിന്, ഒരു വർക്കിംഗ് കോപ്പിയിൽ കൂടി രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് അടയാളപ്പെടുത്തിയ പകർപ്പായി പോളിംഗ് സ്റ്റേഷനിൽ നല്കാൻ പാടില്ലാത്തതുമാണ്.
- ത്രിതല പഞ്ചായത്തുകളിൽ ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിലെ പോസ്റ്റൽ ബാലറ്റിനു മാത്രമെ അപേക്ഷിക്കുന്നുള്ളൂവെങ്കിലും അപേക്ഷകന് ആ തലത്തിലുള്ള പഞ്ചായത്തിലെ പോസ്റ്റൽ ബാലറ്റു പേപ്പർ മാത്രം നൽകി അടയാളപ്പെടുത്തിയ വോട്ടർ പട്ടികയിൽ 'പി.ബി' എന്ന് അടയാളപ്പെടുത്തേണ്ടതാണ്. പി.ബി അടയാളപ്പെടുത്തപ്പെട്ട സമ്മതിദായകനെ പോളിംഗ് സ്റ്റേഷനിൽ വോട്ടു ചെയ്യാൻ അനുവദിയ്ക്കുവാൻ പാടില്ല.
- ഒക്ടോബർ മാസം 26, 27, 28 എന്നീ തീയതികൾ പോസ്റ്റൽ ബാലറ്റുകൾ അയക്കുന്നതിനുള്ള ദിവസങ്ങളായി പരിഗണിക്കേണ്ടതാണ്.
- മൂന്ന് തലത്തിലേയ്ക്കും വോട്ടു രേഖപ്പെടുത്തിയ ബാലറ്റു പേപ്പറുകൾ 18-ാം നമ്പർ ഫാറത്തിലുള്ള കവറുകളിൽ പ്രത്യേകം പ്രത്യേകം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. 16-ാം നമ്പർ ഫാറത്തിലുള്ള സത്യ പ്രസ്താവന ഒപ്പിടുകയും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്ത ശേഷം സത്യപ്രസ്താവനയും ബാലറ്റു പേപ്പർ അടക്കം ചെയ്തിട്ടുള്ള ചെറിയ കവറും (ഫാറം 18) ഒരു വലിയ കവർ (ഫാറം 19)-ൽ ഉള്ളടക്കം ചെയ്തു ഒട്ടിച്ചു വേണം വരണാധികാരിക്ക് അയയ്ക്കേണ്ടത് (സ്റ്റാമ്പ് ഒട്ടിക്കേണ്ടതില്ല) തപാൽ വഴിയോ ആൾ വശമോ വരണാധികാരിയ്ക്കു നല്കാം.

- 18, 19 എന്നീ കവറുകളുടെ പുറത്ത് അതാതു തലത്തിലുള്ള വരണാധികാരികളുടെ മേൽ വിലാസം രേഖപ്പെടുത്തണം. 18-ാം നമ്പർ കവറിന്റെ പുറത്ത് അയയ്ക്കുന്ന ബാലറ്റു പേപ്പറിന്റെ ക്രമനമ്പർ കൂടി എഴുതേണ്ടതാണ്.
- പോസ്റ്റൽ ബാലറ്റുകൾ അതാതു വരണാധികാരികൾ വേണം എണ്ണേണ്ടത്. ഓരോ ദിവസവും ലഭിക്കുന്ന പോസ്റ്റൽ വോട്ടുകൾവോട്ടെണ്ണൽ ദിവസം വരെ ബന്ധപ്പെട്ട വരണാധികാരികൾ പ്രത്യേകം സൂക്ഷിച്ച് വെക്കേണ്ടതാണ്.
- മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ സംബന്ധിച്ച് അതാത് വരണാധികാരികൾ വേണം ആ സ്ഥാപനങ്ങളിലെ പോസ്റ്റൽ വോട്ടുകൾ സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതാണ്.
- അപേക്ഷകൻ വോട്ടു രേഖപ്പെടുത്തിയ പോസ്റ്റൽ ബാലറ്റ് തപാലിലൂടെ അയയ്ക്കുന്നതിന് വരണാധികാരികൾ ബന്ധപ്പെട്ട പോസ്റ്റ് ഓഫീസുകളിൽ ആവശ്യമായ തുക മുൻകൂറായി ഡെപ്പോസിറ്റ് ചെയ്യേണ്ടതും വോട്ടെണ്ണൽ ദിവസം കഴിഞ്ഞാൽ അവ സെറ്റിൽ ചെയ്യേണ്ടതുമാണ്.
- കൗണ്ടിംഗ് ദിവസം തപാലിലൂടെ വരുന്ന ബാലറ്റുകൾ കൗണ്ടിംഗ് സെന്ററിൽ രാവിലെ 8 മണിക്ക് മുമ്പ് തന്നെ ഡെലിവറി ചെയ്യുന്നതിന് പോസ്റ്റ് ഓഫീസുമായി ബന്ധപ്പെട്ടുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അതോടൊപ്പം വരണാധികാരിയുടെ ഓഫീസിൽ ലഭിച്ചിട്ടുള്ളവയും 8 മണിക്ക് മുമ്പ് കൗണ്ടിംഗ് സെന്ററിൽ ലഭ്യമാക്കുന്നതിന് Messenger -റെ ചുമതലപ്പെടുത്തേണ്ടതാണ്.

**(ഒപ്പ്)**
**കെ. ശശിധരൻ നായർ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**